**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .3196 | 07-11-2019 -ൽ മറുപടിക്ക്

**കോഴിക്കോട് ജില്ലയിൽ കാലവർഷക്കെടുതിയിൽ തകർന്ന റോഡുകളുടെ പുനർനിർമ്മാണം**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.വി. കെ. സി. മമ്മത് കോയ** | | **ഇ.ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | 2016-17, 2017-18, 2018-19 വർഷങ്ങളിൽ കോഴിക്കോട് ജില്ലയിൽ കാലവർഷക്കെടുതിയിൽ തകർന്ന എത്ര റോഡുകൾക്ക് പുനർ നിർമ്മാണത്തിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; വർഷം തിരിച്ച് കണക്കുകൾ നൽകാമോ; | എ) | കോഴിക്കോട് ജില്ലയിൽ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും കാലവർഷക്കെടുതികളിൽ നാശം സംഭവിച്ച റോഡുകളുടെ പുനരുദ്ധാരണത്തിനായി 2016-17-ൽ 133 പ്രവൃത്തികൾക്കും 2017-18-ൽ 112 പ്രവൃത്തികൾക്കും 2018-19 -ൽ 165 പ്രവൃത്തികൾക്കും ഭരണാനുമതി നൽകിയിട്ടുണ്ട്. |
| ബി) | ഇവയിൽ എത്ര റോഡുകളുടെ പ്രവൃത്തികൾ പൂർത്തീകരിച്ചുവെന്നും ശേഷിക്കുന്ന പ്രവൃത്തികളുടെ പുരോഗതി എത്ര ശതമാനം എന്നും വർഷം തിരിച്ച് വ്യക്തമാക്കാമോ; | ബി) | 2016-17-ൽ 67 പ്രവൃത്തികളും 2017-18-ൽ 25 പ്രവൃത്തികളും 2018-19-ൽ 28 പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. സംസ്ഥാന ദുരന്ത പ്രതികരണ നിധി മാനദണ്ഡത്തിന് വിരുദ്ധമായതിനാലും സമയബന്ധിതമായി കരാർ വയ്ക്കാത്തതിനാലും എസ്റ്റിമേറ്റ് സമർപ്പിക്കാത്തതിനാലുമൊക്കെയായി 2016-17 ൽ 66 പ്രവൃത്തികളും 2017-18-ൽ 83 പ്രവൃത്തികളും 2018-19 ൽ 122 പ്രവൃത്തികളും റദ്ദാക്കിയിട്ടുണ്ട്. നിലവിൽ 2017-18-ൽ ഭരണാനുമതി നൽകിയ 4 പ്രവൃത്തികളും 2018-19-ൽ ഭരണാനുമതി നൽകിയ 15 പ്രവൃത്തികളും നടന്നു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ